# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 465** — **27.09.2011 ൽ മറുപടിക്ക്**

### കാട്ടുപന്നിശല്യം

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മനുഷ്യനും കൃഷിക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുവാനുള്ള തീരുമാനം നടപ്പിലാക്കി തുടങ്ങിയോ; | (എ) | തുടങ്ങി |
| (ബി) | ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കാമോ ; | (ബി) | ബാധകമല്ല |
| (സി) | അനുമതി നൽകിന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വ്യവസ്ഥകളിൽ മാറ്റങ്ങൾ പരിഗണിക്കുമോ ? | (സി) | അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :-<br>1) കാട്ടുപന്നിയുടെ ആക്രമണം മൂലം നിരന്തരം കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചാഫീസർ/അസി. വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ചുകൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം.<br><br>2) ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചാഫീസർ/അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ, വനസംരക്ഷണസമിതി പ്രസിഡൻറ് / ഇക്കോ ഡവലപ്മെൻറ് കമ്മിറ്റി പ്രസിഡൻറ്/ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി ഉറപ്പുവരുത്തി കാട്ടുപന്നിയെ വെടിവെച്ചുകൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് 3 ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്.<br><br>3) കാട്ടുപന്നിയെ വെടിവച്ചുകൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ 2 പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്. |

4) വെടിവച്ചുകൊന്ന പന്നിയുടെ മാംസം ഭക്ഷണആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് 3 അടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ചുകള യേണ്ടതോആണ്.

6) ഇത്തരം കേസുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7) എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം. എൽ. എ. യും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൻെറ പ്രസിഡൻറിനെയും കർഷക സംഘടനാ പ്രതിനിധികളെയും, തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മറ്റി പന്നികളെ വെടിവെച്ച് കൊല്ലാനുള്ള ഉത്തരവ് നടപ്പാക്കിക്കഴിഞ്ഞാൽ, ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

8) ഒരുവർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലായിരിക്കും ഇതു നടപ്പിലാക്കുന്നത്.

ഇപ്രകാരം വിളനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നത് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും

1) കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ അനുവാദം നൽകുന്നതല്ല.

2) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

3) അംഗീകൃത പട്ടികവർഗ്ഗ കോളനികളിൽ ഒഴികെ മറ്റ് വനപ്രദേശങ്ങളിൽ യാതൊരു കാരണവശാലും കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

4) സർക്കാർ ചെലവിൽ ആനക്കിടങ്ങുകൾ നിർമ്മിച്ചതോ, സോളാർ ഫെൻസിംഗ് സ്ഥാപിച്ചതോ, കൽക്കെട്ടുകൾ ഉണ്ടാക്കി സംരക്ഷിച്ചിട്ടുള്ളതോ ആയ കൃഷിയിടങ്ങളിൽ കാട്ടുപന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലുവാൻ പാടില്ല.

5) ഒരു കാട്ടുപന്നിയെ ഇപ്രകാരം വെടിവെയ്ക്കാൻ ഒരുങ്ങുമ്പോൾ അത് വനത്തിലേയ്ക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവെയ്ക്കാൻ പാടില്ലാത്തതാണ്.

6) വെടിവെച്ചുകൊല്ലപ്പെടുന്ന പന്നിയെ സംസ്ക്കരിക്കുന്നതിന് 500/- (അഞ്ഞൂറ്) രൂപ പ്രതിഫലം നൽകുന്നതാണ്.

അവലോകനം നടത്തി ആവശ്യമെങ്കിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**